STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.61/PR/SPMC/PHQ/2026 Date:10.02.2026

# ജനസൗഹൃദ പൊലീസിംഗിന്റെ അന്തസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കണം: സംസ്ഥാന പോലീസ് മേധാവി

ജനസൗഹൃദ പോലീസിംഗിന്റെ അന്തസത്ത ഉൾക്കൊണ്ട് പ്രവർത്തിക്കാൻ പുതുതായി സേനയിലേക്ക് വരുന്ന സബ് ഇൻസ്‌പെക്ടർമാരോട് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ ആഹ്വാനം ചെയ്തു.

പരമ്പരാഗത പോലീസിംഗിന്റെ രീതികൾ അനുദിനം മാറിവരികയാണെന്നും അതിനനുസൃതമായി പോലീസ് ഓഫീസർമാർ അവരവരുടെ വൈദഗ്ദ്ധ്യമേഖലകൾ വിപുലപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

കേരള പൊലിസ് അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ 73 പൊലീസ് സബ് ഇൻസ്‌പെക്ട്ർമാരുടെ പാസിംഗ് ഔട്ട് പരേഡിന്റെ അഭിവാദ്യം സ്വീകരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സൈബർ കുറ്റകൃത്യങ്ങൾ, വിർച്വൽ അറസ്റ്റ്, ക്രിപ്റ്റോ കറൻസി വഴിയുള്ള തട്ടിപ്പുകൾ, സംഘടിത ലഹരിമരുന്ന് വ്യാപാരം എന്നിങ്ങനെ മുൻപത്തെക്കാളും വെല്ലുവിളികൾ നിറഞ്ഞ കാലഘട്ടമാണിന്നു പോലീസിന് നേരിടേണ്ടി വരുന്നത്.

കായികശക്തിയും സംഘടിതബലവും മാത്രം ഉപയോഗിച്ച് ഇവ തടയാനാവില്ല. ഇന്റലിജൻസ് അടിസ്ഥാനമാക്കിയും സാങ്കേതികതയെ അടുത്തറിഞ്ഞുകൊണ്ടും മാത്രമേ പുതുതലമുറ കുറ്റകൃത്യങ്ങളെ നേരിടാനാവുകയുള്ളു എന്നും അദ്ദേഹം പറഞ്ഞു.

അനന്തു ശേഖർ ആർ നയിച്ച പരേഡിന്റെ സെക്കൻഡ് ഇൻ കമാൻഡ് നിസാമുദ്ദീൻ കെ.എസ് ആയിരുന്നു. ചടങ്ങിൽ പരിശീലന കാലയളവിൽ മികച്ച പ്രകടനം കാഴ്ചവെച്ചവർക്ക് സംസ്ഥാന പോലീസ് മേധാവി പുരസ്കാരം വിതരണം ചെയ്തു.

മികച്ച ഓൾ റൗണ്ടർ, ഇൻഡോർ കേഡറ്റായി അനന്തു ശേഖർ ആറും മികച്ച ഔട്ട്ഡോർ കേഡറ്റായി  നിസാമുദ്ദീൻ കെ.എസും തിരഞ്ഞെടുക്കപ്പെട്ടു. സഞ്ജയ് .കെ യാണ് മികച്ച ഷൂട്ടർ.

2025 ജനുവരി എട്ടിന് ആരംഭിച്ച ഒരു വർഷക്കാലത്തെ അടിസ്ഥാന പരിശീലനത്തിന്റെ ഭാഗമായി ഇവർ ഔട്ട്ഡോർ വിഭാഗത്തിൽ പരേഡ്, ശാരീരികക്ഷമത പരിശീലനം എന്നിവയ്ക്ക് പുറമേ ഷീൽഡ് &  ലാത്തി ഡ്രിൽ, വൺ മിനിറ്റ് ഡ്രിൽ, സെറിമോണിയൽ ഡ്രിൽ, സ്വോർഡ് ഡ്രിൽ, കെയിൻ ഡ്രിൽ, മോബ് ഓപ്പറേഷൻ, ഒബ്സ്റ്റക്കിൾ കോഴ്സ്, ഫീൽഡ് ക്രാഫ്റ്റ് & മാപ്പ് റീഡിംഗ്, ബോംബ് ഡിറ്റക്ഷൻ & ഡിസ്പോസൽ, കരാട്ടേ, യോഗ, നീന്തൽ, ഡ്രൈവിംഗ് എന്നിവയിൽ വിദഗ്ദ്ധ പരിശീലനം നേടിയിട്ടുണ്ട്.

കൂടാതെ SOG യുടെ കീഴിൽ കമാണ്ടോ ട്രെയിനിംഗ്,  ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ്, കോസ്റ്റൽ സെക്യൂരിറ്റി ട്രെയിനിംഗ് എന്നിവയിലും അത്യാധുനിക ആയുധങ്ങളായ എ.കെ 47, താർ, ഇൻസാസ്, എസ്.എൽ.ആർ, എൽ.എം.ജി, ഗ്ലോക്ക് പിസ്റ്റൾ, 9 എം.എം പിസ്റ്റൾ, കാർബൈൻ എന്നിവയിൽ ഫയറിംഗ് പരിശീലനവും നൽകിയിട്ടുണ്ട്.

ഇൻഡോർ വിഭാഗത്തിൽ ഇന്ത്യൻ ഭരണഘടന, ഭാരതീയ ന്യായ സൻഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധിനിയം, ഇന്ത്യൻ ശിക്ഷാ നിയമം, ക്രിമിനൽ നടപടിക്രമം, തെളിവ് നിയമം, മറ്റ് നിയമങ്ങൾ, പോലീസ് സ്റ്റേഷൻ മാനേജ്മെന്റ്, ട്രാഫിക്ക് മാനേജ്മെന്റ്, കേസന്വേഷണം, വി.ഐ.പി ബന്തവസ്സ്, ഇന്റേണൽ സെക്യൂരിറ്റി, ഡിസാസ്റ്റർ മാനേജ്മെന്റ്, ഫോറൻസിക് സയൻസ്, Artificial Intelligence in Policing, Compassionate Communication & Intervention by Police (CCIP), ഫോറൻസിക് മെഡിസിൻ, കംമ്പ്യൂട്ടർ, സൈബർ കുറ്റകൃത്യങ്ങൾ, ക്രിമിനോളജി, പീനോളജി, വിക്ടിമോളജി, സ്ത്രീകൾ, കുട്ടികൾ, മുതിർന്ന പൗരന്മാർ, ജെൻഡർ ന്യൂട്രൽസ് തുടങ്ങിയവരോടുള്ള പെരുമാറ്റം, പരിസ്ഥിതിക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയൽ, ഫസ്റ്റ് എയ്ഡ് തുടങ്ങിയ വിഷയങ്ങളിൽ ക്ലാസ്സ് റൂം പരിശീലനവും ലഭ്യമായിട്ടുണ്ട്.

കൂടാതെ കേരളം സമീപ കാലത്ത് നേരിട്ട പ്രളയക്കെടുതികൾ പോലുള്ള പ്രകൃതി ദുരന്തങ്ങളിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി

ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന വിഷയത്തിൽ ഇവർക്ക് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിലെ വിദഗ്ദ്ധർ പ്രായോഗിക പരിശീലനവും നൽകിയിട്ടുണ്ട്.

കോസ്റ്റൽ സെക്യൂരിറ്റി പ്രായോഗിക പരിശീലനം കൊച്ചി നേവൽ ബേസിലും ഫോർട്ട് കൊച്ചി തീരദേശ പോലീസ് സ്റ്റേഷനിലും ഫോറൻസിക് മെഡിസിൻ പ്രായോഗിക പരിശീലനം തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലും ലഭ്യമാക്കിയിട്ടുള്ളതാണ്. അരീക്കോട് SOG ക്യാമ്പിൽ 15 ദിവസത്തെ ഭീകര വിരുദ്ധ പരിശീലനവും ഇടുക്കിയിലെ കുട്ടിക്കാനത്ത് 5 ദിവസത്തെ ഹൈ ആൾട്ടിറ്റ്യൂഡ് പരിശീലനവും നൽകി.

സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ള നവകേരള സൃഷ്ടിക്കായി പോലീസിന്റെ തൊഴിൽ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങളോടുള്ള പെരുമാറ്റം മെച്ചപ്പെടുത്തുന്നതിനും പോലീസിന്റെ ആപ്തവാക്യമായ "മൃദു ഭാവേ ദൃഢ കൃത്യേ" അന്വർത്ഥമാക്കുന്നതിനും ഉതകുന്ന രീതിയിലുള്ള പരിശീലനമാണ് പരിശീലന കാലയളവിൽ നൽകിയിട്ടുള്ളത്.

മുൻ ബാച്ചുകളിലേത് പോലെതന്നെ പരിശീലനം പൂർത്തിയാക്കി കേരള പോലീസിന്റെ ഭാഗമാകുന്ന 31 ഡി ബാച്ചിലും ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ള നിരവധി പേരാണുള്ളത്. ഇന്ന് പാസ്ഔട്ടായി സേനയുടെ ഭാഗമാകുന്നവരിൽ വിവിധ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദധാരികളായ 22 പേരും ബിരുദധാരികളായ 51 പേരും ഉൾപ്പെടുന്നു.

ഐ.ജി.യും കേരള പൊലീസ് അക്കാദമി ഡയറക്ടറുമായ കെ. സേതുരാമൻ, തൃശൂർ റെയ്ഞ്ച് ഡി.ഐ.ജി നാരായണൻ റ്റി, മറ്റ് ഉന്നത പൊലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ, പരിശീലനാർത്ഥികളുടെ ബന്ധുക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

*********************